## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2977

22.06.2012 ൽ മറുപടിയ്ക്ക്

## ഹൈടെക് കൃഷി രീതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക രംഗത്ത് നവോന്മേഷം നൽകുന്ന ഹൈടെക് കൃഷിരീതി വിശദീകരിക്കാമോ; | (എ) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കാർഷിക രംഗത്ത് പ്രയോജനപ്പെടുത്തുക എന്നതാണ് ഹൈടെക് കൃഷി രീതി എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്. നിയന്ത്രിതമായ അളവിലും കൂടുതൽ കാര്യക്ഷമമായും ജലവിനിയോഗം സാധ്യമാകുന്ന മൈക്രോ ഇറിഗേഷൻ, ന്യൂട്രിയന്റ് വളപ്രയോഗം, ഗ്രീൻഹൗസ്, കാർബൺഡൈഓക്സൈഡ് പ്രയോഗം, മണ്ണിനെ അമിതമായി ആശ്രയിക്കാത്ത കൃഷി രീതി, മുന്തിയ സങ്കരയിനം വിത്തുകളുടെ ഉപയോഗം എന്നീ ഘടകങ്ങളാണ് പ്രധാനമായും ഹൈടെക് കൃഷി രീതിയിൽ പ്രയോജനപ്പെടുത്തുന്നത് കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുകയും ഉയർന്ന ഉൽപ്പാദന ക്ഷമതയും ഗുണമേന്മയും ലഭ്യമാകുന്നു എന്നതാണ് ഹൈടെക് കൃഷി രീതിയുടെ മേന്മ.<br><br>ഹൈടെക് ഫാമിംഗിനായി ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം കേരളത്തിലെ ഓരോ പഞ്ചായത്തിലുമുള്ള സഹകരണ ബാങ്കുകൾ, കർഷക സംഘങ്ങൾ, കർഷകർ എന്നിവർക്ക് പത്ത് സെന്റ് ചുരസായ സ്ഥലത്ത് ഗ്രീൻ ഹൗസുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനുവരുന്ന ചെലവിന്റെ 75% തുക (50% കേന്ദ്ര സർക്കാരും 25% കേരള സർക്കാരും) ധനസഹായമായി നൽകുന്നതാണ്. ഇതുകൂടാതെ ഹൈടെക് ഫാമിംഗ് ഡെമോൺസ്ട്രേഷൻ യൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. ഇതിനായി പൊതുമേഖലയ്ക്ക് 100% വും സ്വകാര്യ മേഖലയ്ക്ക് 75% വും ധനസഹായം നൽകുന്നതാണ്. |

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിവരുന്ന പുതിയ ഫാമിംഗ് പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

**(ബി)** ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും, ഉൽപ്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ ആരംഭിക്കുക. കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം. ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, സംയോജിത സസ്യസംരക്ഷണമുറകൾ നടപ്പിലാക്കുക. സംരക്ഷിത കൃഷി നടപ്പിലാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പാനന്തര പരിപാലനം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, ഉയർന്ന വില ലഭിക്കുന്നതിന് ഗ്രേഡിംഗ്, പാക്കിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. മാനവവിഭവശേഷി വികസനം എന്നിവയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ. കൂടാതെ നടപ്പുസാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്ന പച്ചക്കറികൃഷി നാടിനും നഗരത്തിനും എന്ന പദ്ധതി, വാഴ, പച്ചക്കറികൾ എന്നിവയുടെ സൂക്ഷ്മകൃഷി, ടിഷ്യൂകൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷി. കൂൺകൃഷി വികസനം, വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലെ ശീതകാല പച്ചക്കറികൃഷി. ഇടുക്കി ജില്ലയിലെ ശീതകാല ഫലവർഗ്ഗകൃഷി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഹൈടെക് ഫാമിംഗ് പദ്ധതി, കൊച്ചി മെട്രോയിലെ പച്ചക്കറികൃഷി പദ്ധതി എന്നിവയും നടപ്പിലാക്കുന്നതിനായി തയ്യാറാക്കി വരുന്നു.

**(സി)** പുതിയ ഉൽപാദന തന്ത്രങ്ങൾ കാർഷിക രംഗത്ത് ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;

**(സി)** വിവരം ശേഖരിച്ചു വരുന്നു

**(ഡി)** കാർഷിക മേഖലയിലെ പ്രധാന ഇനങ്ങളിലുണ്ടായ ഉല്പാദന വർദ്ധനവ് സംബന്ധിച്ച കഴിഞ്ഞ വർഷത്തെ കണക്കുകൾ വെളിപ്പെടുത്താമോ?

**(ഡി)** ഇതിനായി ഡയറക്ടേറ്റ്, ഇക്കോണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിലെ കണക്കുകളാണ് ഉപയോഗപ്പെടുത്തുന്നത്. 2011-12 വർഷത്തെ ഫൈനൽ കണക്കുകൾ തയ്യാറായിട്ടില്ല.

സെക്ഷൻ ഓഫീസർ